LIBRARY ARCHIVES Kerala Legislative Assembly

2004-2005 വർഷത്തെ വാർഷിക പദ്ധതി അടങ്കൽ

4 [178] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 2004-2005 വർഷത്തെ വാർഷിക പദ്ധതി അടങ്കൽ എത്ര കോടി രൂപയായിരുന്നു;

(ബി) പദ്ധതി അടങ്കലിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര പ്രാവശ്യം വെട്ടിക്കുറവ് വരുത്തി എന്നും എത്ര കോടി രൂപയുടെ വെട്ടിക്കുറവാണ് വരുത്തിയത് എന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് നടപ്പ് വർഷം പ്രതീക്ഷിക്കുന്ന റവന്യൂ വരുമാനം എത്ര കോടിയാണെന്നും അതിന് നാളിതുവരെ എത്ര കോടി രൂപ പിരിഞ്ഞു എന്നും വ്യക്തമാക്കുമോ;

(ഡി) നടപ്പു വർഷം പ്രതീക്ഷിക്കുന്ന റവന്യൂ വരുമാനത്തിന്റെ വിനിയോഗം ഏതെല്ലാം മേഖലകളിൽ എപ്രകാരമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 4852.03 കോടി രൂപ.

(ബി) റവന്യൂ വരുമാനത്തിനനുസൃതമായി പദ്ധതിച്ചെലവുകൾ നിജപ്പെടുത്തേണ്ടതായി വന്നിട്ടുണ്ട്.

(സി) 2004-2005 വർഷം പ്രതീക്ഷിക്കുന്ന റവന്യൂ വരുമാനം 14263.96 കോടി രൂപയാണ്. 30-11-2004 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ എ.ജി. ക്രോഡീകരിച്ചിട്ടുള്ളു. ടി കണക്കുകളുടെ അടിസ്ഥാനത്തിൽ 30-11-2004 വരെയുള്ള റവന്യൂ വരുമാനം 7633.23 കോടി രൂപയാണ്.

(ഡി) സംസ്ഥാനത്തിന്റെ ധനവിനിയോഗം റവന്യൂ വരുമാനവുമായി നേരിട്ട് ബന്ധപ്പെടുത്തിയിട്ടില്ല. സംസ്ഥാന സർക്കാരിന് ലഭിക്കുന്ന വരുമാനം കൺസോളിഡേറ്റഡ് ഫണ്ടിൽ നിക്ഷേപിക്കപ്പെടുകയും ബജറ്റിൽ വിഭാവന ചെയ്തിരിക്കുന്ന രീതിയിൽ വിവിധ മേഖലകൾക്കായി വിനിയോഗിക്കുകയും ചെയ്യുന്നു.

എ.ഡി.ബി. സംഘത്തിന്റെ ഓഫീസ് പരിശോധന

5 [179] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്ക് ഏതെല്ലാം ഓഫീസുകളിലാണ് എ.ഡി.ബി. സംഘം പരിശോധനയ്ക്ക് എത്തിയതെന്ന് വ്യക്തമാക്കുമോ;